

# ആരു പറഞ്ഞു, ഒബാമ വ്യത്യസ്തനാണെന്ന്?

■ എം.സി.എ നാസർ

**യു.എസ് ഘടനക്കുള്ളിൽ നിന്ന് പുതിയൊരു വിദേശ നയരൂപീകരണമോ സാമ്രാജ്യത്വരഹിത നീക്കമോ ഒബാമ നടത്തിയതായി അദ്ദേഹത്തിന്റെ കാമ്പയിൻ വേളയിലെ പ്രസംഗങ്ങളിലോ അഭിമുഖങ്ങളിലോ കാണാൻ കഴിയുന്നില്ല. കെനിയൻ-ഇന്തോനേഷ്യൻ മുസ്‌ലിം പശ്ചാത്തലവും അറബ് സമ്പർക്കവും അടിസ്ഥാന നയംമാറ്റത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചതായും തെളിവില്ല.**

**'എന്തുകൊണ്ട്** ഒബാമയെ പിന്തുണക്കുന്നു?' എന്ന ശീർഷകത്തിൽ ടി.കെ ഇബ്‌റാഹീം ടൊറണ്ടോയുടെ കവർ സ്റ്റോറി (ലക്കം 49) വായിച്ചപ്പോൾ ഒരു പ്രതികരണം അനിവാര്യമാണെന്ന് തോന്നി. സഹൃദയനും മുസ്‌ലിം ലോകത്തെ കുറിച്ച് കൃത്യമായ ഉൾക്കാഴ്ചയും പടിഞ്ഞാറൻ അനുഭവ ജ്ഞാനവുമുള്ള ആളാണ് ലേഖകൻ. വ്യക്തിപരമായി ഏറെ മതിപ്പും ആദരവുമുള്ള വ്യക്തി. പക്ഷേ, ഒബാമ ഭ്രമം ഇത്ര വേണ്ടിയിരുന്നോ എന്ന ചോദ്യമാണ് ഇപ്പോഴും ഉള്ളിലുയരുന്നത്. അറബ് ലോകത്തെ ചില മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ ഇടക്കാലത്ത് സമാന രീതിയിൽ ചില ഒബാമാ കീർത്തന കുറിപ്പുകൾ വന്നതറിയാം. എന്നാൽ പ്രചാരണം മുറുകിയതോടെ ഒബാമയിൽ വന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞതു കൊണ്ടായിരിക്കണം കോളമിസ്റ്റുകൾ പലരും മൗനം പാലിക്കുകയാണിപ്പോൾ.

ഒബാമ എവിടെ നിൽക്കുന്നു എന്നതാണ് പ്രധാനം. സാമ്പത്തിക വിഷയത്തിൽ ഒബാമ എല്ലാം തികഞ്ഞ ക്യാപിറ്റലിസ്റ്റ് തന്നെയാണെന്ന് ലേഖകൻ പറയുന്നുണ്ട്. 'അമേരിക്ക അകത്തും പുറത്തും ഇന്നനുഭവിക്കുന്ന ദുർഗതിക്ക് കാരണം സാമ്രാജ്യത്വ ദുർമോഹമാണ്' എന്ന് ഒബാമ കരുതുന്നതായും നിരീക്ഷിക്കുന്നു. എന്നാൽ ഈ കണ്ടെത്തലിന്റെ അടിത്തറ തികച്ചും ദുർബലമാണ്. യു.എസ് പ്രസിഡന്റ് പദം ലക്ഷ്യമിടുന്ന ആദ്യ കറുത്ത വർഗക്കാരൻ എന്ന നിലക്കും ചില സാത്വിക പരിവേഷങ്ങളും സ്വപ്നങ്ങളുമുള്ള നേതാവ് എന്ന നിലക്കും യു.എസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഒബാമ ഒരു പുതുമയായിരിക്കാം.

ആറു പേജുള്ള ലേഖനം ചെന്നവസാനിക്കുന്നത് ഇങ്ങനെ: "സഹൃദയനും പരോപകാര തൽപരനും ഗുണകാംക്ഷിയുമായ ഒരു മനുഷ്യനെന്ന നിലക്കും മഹാമനസ്കനും ദീർഘദൃക്കുമായ ഒരു രാഷ്ട്രീയ നേതാവെന്ന നിലക്കും മറ്റാരേക്കാളും പ്രസിഡന്റ് സ്ഥാനത്തിന് അർഹനാണ് ഒബാമ. അദ്ദേഹത്തിന്റെ വിജയം അമേരിക്കക്കും ലോകത്തിനും നേട്ടമായിരിക്കും. അദ്ദേഹത്തിൻെറ പരാജയം അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള തിരോധാനം (മാർട്ടിൻ ലൂഥർ കിംഗിനെ പോലെയോ മറ്റോ) അമേരിക്കക്കും ലോകത്തിനും നഷ്ടവുമായിരിക്കും".

ലേഖകൻ നിരത്തുന്ന വാദങ്ങളിൽ ചില ശരികളുണ്ട്. വർണവിവേചനം ഇന്നും അമേരിക്കയുടെ അടിസ്ഥാന ദൗർബല്യമാണെന്നും മാധ്യമങ്ങളും നയരൂപീകരണ കേന്ദ്രങ്ങളും ഇന്നും വെളുത്തവന്റെ ചൊൽപ്പടിയിൽ തന്നെയാണെന്നതുമാണ് ഇതിൽ ഒന്നാമത്തെ ശരി. അറുത്തുമാറ്റാൻ സാധിക്കാത്ത മുസ്‌ലിം മുദ്രയുടെയും വേരുകളുടെയും പേരിൽ ഒബാമ വേട്ടയാടപ്പെടുന്നു എന്നതും മറ്റൊരു ശരി. പക്ഷേ, സാമൂഹിക നീതി അകലെ നിൽക്കുന്ന ഏതൊരു ഘടനയുടെയും സ്വാഭാവിക ദുരന്തമാണിതെന്ന് പറയുന്നതായിരുന്നു കൂടുതൽ ശരി. അല്ലാതെ റൊമാന്റിക് സ്വപ്നങ്ങളിലേക്കും വിഗ്രഹവത്കരണത്തിലേക്കും കാര്യങ്ങൾ ചുരുക്കിക്കെട്ടുന്ന രീതി എത്രകണ്ട് അഭികാമ്യമാണെന്നു നാം ചിന്തിക്കണം. ഒബാമ വരുന്നതോടെ അമേരിക്ക അടിമുടി മാറുമെന്ന സൂചനയാണ് പരോക്ഷമായാണെങ്കിലും ലേഖനം ബാക്കി നിർത്തുന്നത്. ജോൺ മെക്കയിനുമായി തട്ടിച്ചു നോക്കുമ്പോൾ ഒബാമക്ക് ചില സവിശേഷതകൾ കണ്ടേക്കും. പക്ഷേ, ഇരുവരും

തമ്മിലുള്ള അകലം വളരെ നേർത്തതാണെന്ന് തെളിയാനിരിക്കുന്നേയുള്ളൂ.

## യാങ്കി ഘടനയിൽ ഒബാമയുടെ റോൾ

പൊതുഘടനയുടെ ജീർണത നിർധാരണം ചെയ്യുന്നതിനു പകരം വ്യക്തി മാഹാത്മ്യങ്ങളിലേക്ക് കാര്യങ്ങളെ മാറ്റി നിർത്തുകയെന്നത് എല്ലാ 'ജനാധിപത്യ' തെരഞ്ഞെടുപ്പുകളിലും സങ്കുചിത ദേശീയവാദികളുടെ പൊതു സവിശേഷതയാണ്. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പും ഇതിൽ നിന്ന് ഭിന്നമല്ല. ക്രൂരതകളുടെ തേരോട്ടത്തിനിടയിൽ ജനങ്ങളുടെ ചർച്ചകളിൽ ഇടം പിടിക്കാൻ അവർക്ക് ഇത്തരം ചില 'നമ്പറുകൾ' ആവശ്യമാണ്. ഹിറ്റ്ലറുടെ വെജിറ്റേറിയനിസവും വാജ്പേയിയുടെ സാത്വിക ഭാവവും എന്തിനധികം ആന്റണിയുടെ ലാളിത്യം വരെ വാഴ്ത്തിപ്പാടുമ്പോൾ, പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെയും ഭരണത്തിന്റെയും അടിസ്ഥാന പിഴവുകളെയാണ് സമർഥമായി മറച്ചു പിടിക്കുന്നത്. ധീര, വീര വിപ്ലവകാരികൾ പോലും ജനവിരുദ്ധ സംസ്കൃതിയുടെ കൂട്ടിക്കൊടുപ്പുകാരായി മാറിയതിന് തെളിവുകൾ നിരവധി. രാജീവ് ഗാന്ധി മുതൽ കെ.ആർ നാരായണൻ വരെയുള്ളവർ നിർണായക ഘട്ടങ്ങളിൽ പാലിച്ച നിശ്ശബ്ദതയെ അവരുടെ മാന്യവ്യക്തിത്വത്തിന്റെ ഏത് മാനദണ്ഡം വെച്ചു ന്യായീകരിക്കാനാവും?

വെട്ടിപ്പിടിക്കലിന്റെ, ആധിപത്യത്തിന്റെ, ധാർഷ്ട്യത്തിന്റെ ഘടനയാണ് അമേരിക്ക പതിറ്റാണ്ടുകളായി സൂക്ഷിക്കുന്നത്. ഇവിടെ ഡെമോക്രാറ്റുകൾ, റിപ്പബ്ലിക്കന്മാർ എന്ന വേർതിരിവിൽ വലിയ കാര്യമില്ലെന്ന് അനുഭവങ്ങൾ പഠിപ്പിച്ചിരിക്കുന്നു. ആഭ്യന്തര തലത്തിൽ കടുത്ത വിവേചനങ്ങളും സാമൂഹിക അനീതിയും നിലനിൽക്കുമ്പോഴും ആധിപത്യ ദേശീയതയാണ് യാങ്കിയുടെ ഉള്ളിൽ ചുരമാന്തുന്നത്. ഇതിന്റെ മാത്രം ബലത്തിലാണ് രാഷ്ട്രീയ സമീപനങ്ങൾ കരുപ്പിടിപ്പിക്കുന്നതും. വിദേശനയത്തിലാണ് ഇത് കൂടുതൽ തെളിഞ്ഞു കാണുന്നത്. ഇതിനൊക്കെ ഇരകളാകുന്നതോ മൂന്നാം ലോക രാജ്യങ്ങളിലെ ലക്ഷക്കണക്കിന് സാധാരണ മനുഷ്യരും.

യു.എസ് ഘടനക്കുള്ളിൽ നിന്ന് പുതിയൊരു വിദേശ നയരൂപീകരണമോ സാമ്രാജ്യത്വരഹിത നീക്കമോ ഒബാമ നടത്തിയതായി അദ്ദേഹത്തിന്റെ കാമ്പയിൻ വേളയിലെ പ്രസംഗങ്ങളിലോ അഭിമുഖങ്ങളിലോ കാണാൻ കഴിയുന്നില്ല. കെനിയൻ-ഇന്തോനേഷ്യൻ മുസ്‌ലിം പശ്ചാത്തലവും അറബ് സമ്പർക്കവും അടിസ്ഥാന നയംമാറ്റത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചതായും തെളിവില്ല. നല്ല കേൾവിക്കാരൻ, തുറന്ന മനസ്സുള്ളവൻ, ഐക്യം കാംക്ഷിക്കുന്നവൻ-ഈ വിശേഷണങ്ങളൊക്കെ ശരിയായിരിക്കാം. എതിരാളികൾ പറയുന്നതു പോലെ, മൂന്നു കൊല്ലം മാത്രം സെനറ്റിൽ ഇരുന്നതിന്റെ പരിചയക്കുറവ് മാത്രമല്ല ഒബാമ നേരിടുന്ന യഥാർഥ പ്രശ്നം. ഹിലാരി ക്ലിന്റനും മെക്കയിനും ഒപ്പമെത്താനുള്ള വ്യഗ്രതയിൽ യു.എസ് ദേശീയതയോട് കൂടുതൽ ചേർന്നു നിൽക്കുന്ന ഒബാമ ബാക്കി നിർത്തുന്നത് തികഞ്ഞ നിരാശയാണ്. *പ്രബോധനം* ലേഖനത്തിൽ പറഞ്ഞ ഒബാമയുടെ നിഴൽ പോലുമാകാൻ ഈ ഒബാമക്ക് കഴിയില്ല.

## ഇസ്രയേൽ ഭ്രമം തലക്കുപിടിക്കുമ്പോൾ

യു.എസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഇസ്രയേൽലോബിയെ പിണക്കാൻ ഒബാമക്കെന്നല്ല ആർക്കും താൽപര്യമില്ല. പേരിലെ 'ഹുസൈൻ' എന്നതുപോലും വിവാദമാക്കി വംശീയ അധിക്ഷേപത്തിനു തുനിഞ്ഞതും ഒരുപക്ഷേ, ഇതേ ലോബി തന്നെയാവണം. വിമർശം വന്നപ്പോൾ താൻ അതല്ലെന്നു വരുത്തേണ്ടി വന്നു ഒബാമക്ക്.

**ജൂത പ്രണയത്തിൽ എതിർ സ്ഥാനാർഥികളിൽ ഒട്ടും ഭിന്നനല്ല താനെന്ന് ഒബാമ തെളിയിക്കുകയായിരുന്നു. തുടക്കത്തിൽ അൽപം ഉടക്കി നിന്ന ജൂതലോബി ഒബാമയെ ആലിംഗനം ചെയ്യുന്നതു വരെ അടുപ്പം വർധിച്ചു. എന്നിട്ടും 'തികച്ചും വ്യത്യസ്ത'നാണ് ഒബാമയെന്ന് സ്വപ്നം കാണാൻ കഴിയുന്നതെങ്ങനെ?**

ഇലക്ഷനിൽ ജൂതരാജ്യത്തിന്റെ താൽപര്യം സംരക്ഷിക്കാൻ പ്രത്യേക ഫോറം തന്നെ അമേരിക്കയിൽ രംഗത്തുണ്ട്.' ഇസ്രയേൽ ജനതയുടെ ഏതൊരു തീരുമാനത്തെയും പിന്തുണക്കേണ്ട ബാധ്യത യു.എസ് പ്രസിഡന്റിനുണ്ട്' എന്നാണ് ഔദ്യോഗികമായി ഫോറം ഉന്നയിക്കുന്നതും. ഇവർ ഒരുക്കിയ വേദിയിൽ സംബന്ധിച്ച ഒബാമ പറഞ്ഞു: "ഹമാസിനെ കുറിച്ച് ജോൺ മെക്കയിനും ഹിലാരി ക്ലിന്റനുമുള്ള നിലപാടിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല എന്റേത്. ഹമാസ് ഭീകര സംഘടനയാണെന്നു പറയുകയും എതിർക്കുകയും ചെയ്ത ആളാണ് ഞാൻ. വീണ്ടും ആവർത്തിച്ചു പറയട്ടെ, ഹമാസ് ഒരു ഭീകരസംഘടന തന്നെയാണ്. ഇസ്രയേലിനെ അംഗീകരിക്കാതെയും തീവ്രവാദത്തെ തള്ളിപ്പറയാതെയും മുൻ കരാറുകൾ ശരിവെക്കാതെയും അവരുമായി നാം ബന്ധപ്പെടരുത്."

ജൂത പ്രണയത്തിൽ എതിർ സ്ഥാനാർഥികളിൽ ഒട്ടും ഭിന്നനല്ല താനെന്ന് ഒബാമ തെളിയിക്കുകയായിരുന്നു. തുടക്കത്തിൽ അൽപം ഉടക്കി നിന്ന ജൂതലോബി ഒബാമയെ ആലിംഗനം ചെയ്യുന്നതു വരെ അടുപ്പം വർധിച്ചു. എന്നിട്ടും 'തികച്ചും വ്യത്യസ്ത'നാണ് ഒബാമയെന്ന് സ്വപ്നം കാണാൻ കഴിയുന്നതെങ്ങനെ?

നിജാദുമായും ചാവേസുമായും കാസ്ട്രോയുമായും ചർച്ചയാകാമെന്നുണ്ട് ഒബാമക്ക്. പ്രൈമറി കാമ്പയിൽ വേളയിൽ അദ്ദേഹം ഇതു പ്രഖ്യാപിക്കുകയും ചെയ്തു. മെക്കയിനുമായി തട്ടിച്ചു നോക്കിയാൽ ഈ നിലപാട് ധീരമാണ്. പക്ഷേ, ജനപിന്തുണയുള്ള ഹമാസുമായി മാത്രം ചർച്ച പാടില്ലെന്നു പറയുന്നത് എന്തടിസ്ഥാനത്തിൽ? ഫലസ്ത്വീനികളുടെ ദുരിതത്തിൽ ഒബാമ സഹതപിക്കുന്നുണ്ട്. എങ്കിൽ ആ ജനതയുടെ നിയാമകത്വം അംഗീകരിക്കാൻ എന്താണിത്ര മടി? ആറു പതിറ്റാണ്ടിന്റെ ദുരിതം ഏറ്റുവാങ്ങുന്ന ഫലസ്ത്വീനികൾ ശത്രുവിനെ അംഗീകരിക്കും വരെ ചർച്ചയില്ലെന്നു പറയുന്നത് ഏതു സാമൂഹികനീതിയുടെ പേരിലാണ്?

ഇസ്രയേൽ അനുരാഗം അവിടെയും നിന്നില്ല. 2006-ൽ ലബനാനിൽ ഇസ്രയേൽ നടത്തിയ അധിനിവേശം ഗംഭീരമായെന്നാണ് ഒബാമ പറഞ്ഞത്. ഒരു രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും ആരാധനാലയങ്ങളും തകർത്തെറിഞ്ഞ ക്രൂരമായ യുദ്ധം. കുഞ്ഞുങ്ങൾ ഉൾപ്പെടെ നൂറുകണക്കിന് മനുഷ്യരാണ് കൊല്ലപ്പെട്ടത്. രണ്ട് ഇസ്രയേൽ സൈനികരെ ബന്ദികളാക്കിയെങ്കിൽ ഹിസ്ബുല്ലക്ക് ഇതു തന്നെ കിട്ടണം എന്നായിരുന്നു യെഹൂദ് ഒൽമർട്ടിന്റെ അതേ ഭാഷയിൽ ഒബാമയുടെയും പ്രതികരണം. ഇസ്രയേലും ലബനാനും തമ്മിൽ വെടി

നിർത്തുന്നത് പോലും ഒബാമ അംഗീകരിച്ചിരുന്നില്ലെന്ന് ഓർക്കണം. ഇസ്രയേൽ പൗരന്മാർക്ക് ഭീഷണിയായ റോക്കറ്റുകൾ ഹിസ്ബുല്ല എടുത്തു മാറ്റുന്നതുവരെ യുദ്ധം തുടരണമെന്നാണ് ഒബാമ ആഗ്രഹിച്ചത്. "തങ്ങളുടെ രണ്ടു സൈനികരെ പിടികൂടിയാൽ ഏതൊരു രാജ്യവും ചെയ്യുന്നതേ ഇവിടെ ഇസ്രയേലും ചെയ്തിട്ടുള്ളൂ. സ്വരക്ഷക്കുവേണ്ടി ഇസ്രയേൽ നടത്തുന്ന യുദ്ധത്തെ ഞാൻ പിന്തുണക്കുന്നു."

രാജ്യത്തിനു പുറത്ത് അമേരിക്കയുടെ പ്രതിഛായ ഇസ്രയേൽ മൂലം നഷ്ടപ്പെടുന്നുണ്ടോ എന്ന മാധ്യമ പ്രവർത്തകന്റെ ചോദ്യത്തിന് ഒബാമ നൽകിയ മറുപടി കുറേക്കൂടി ഷാർപ്പായിരുന്നു: 'നോ. നോ. നോ...'

ഇസ്രയേലിനോട് ഒരു സുഹൃത്ത് എന്ന നിലക്കാവും തന്റെ സമീപനമെന്നാണ് ഒബാമ ഉറപ്പു നൽകിയത്. അനധികൃത കുടിയേറ്റം നിർത്തിവെക്കണം എന്നതു മാത്രമാണ് മയത്തിലാണെങ്കിലും ആകെക്കൂടി ഒബാമ പറഞ്ഞത്. തന്നിലുള്ള 'രഹസ്യ മുസ്‌ലിം' വ്യക്തിത്വത്തെ മറികടക്കാനുള്ള നിസ്സഹായമായ കുടച്ചിൽ ഒബാമയെ തളർത്തുന്നുണ്ടാവണം. നൂറോളം ജൂത നേതാക്കളുമായി പ്രൈമറികളിലെ തെരഞ്ഞെടുപ്പു സമയത്ത് നടന്ന ചർച്ചയിലും ജൂതരാജ്യത്തോടുള്ള വിനീത വിധേയത്വം തന്നെയാണ് ഒബാമ കുടഞ്ഞു പുറത്തിട്ടത്. 'ഹാരറ്റ്സ്' സാധ്യതാ പട്ടികയിൽ ഒബാമ തുടക്കത്തിൽ വളരെ പിന്നിലായിരുന്നു. ജൂതലോബിയുടെ പിന്തുണ കൂടാതെ മുന്നോട്ടു പോകാൻ പറ്റില്ലെന്ന് ഇതോടെ ഒബാമ തിരിച്ചറിഞ്ഞു. ജൂത ലോബിക്ക് പ്രിയങ്കരനായി മാറാൻ വെമ്പുന്ന ഒബാമയെ ആണ് പിന്നെ കണ്ടത്. 'മേഖലയിൽ അമേരിക്കയുടെ ഏറ്റവും പ്രധാന സുഹൃത്ത്' ആയ 'ഇസ്രയേലിന്റെ സുരക്ഷ' ഏറെ പ്രധാനമാണെന്ന് കൂടി അയാൾ സാക്ഷ്യപ്പെടുത്തി.

ഇസ്രയേലിന്റെ ഏറ്റവും വലിയ വെല്ലുവിളി ഇറാൻ ആണെന്നു പറഞ്ഞതും ഒബാമ തന്നെ. ബുഷ് പോലും അത്ര കടന്നു ചിന്തിച്ചോ എന്നറിയില്ല. ആണവായുധം സ്വന്തമാക്കാനും ഭീകരത വളർത്താനും ഇറാൻ ശ്രമിക്കുകയാണത്രെ. "ഇസ്രയേൽ നേരിടുന്ന വെല്ലുവിളി വെറുതെ തള്ളാൻ കഴിയില്ല. ഇറാനിൽ നിന്നുള്ള വെല്ലുവിളി യാഥാർഥ്യമാണ്. പ്രസിഡന്റ് എന്ന നിലയിൽ എന്റെ ലക്ഷ്യം ഈ വെല്ലുവിളി ഇല്ലായ്മ ചെയ്യാനാകും"- അദ്ദേഹം പറഞ്ഞു.

പതിനാല് ലക്ഷത്തോളം വരുന്ന ജൂത ഇതര അറബ് സമൂഹം അമേരിക്കയിലുണ്ട്. തന്റെ വേരുകളുടെ സ്വത്വവും നിറത്തിന്റെ വിവേചനവും പറഞ്ഞ് അവരെ കൂടെ നിർത്താൻ ബുദ്ധിമുട്ടാകില്ലെന്ന് ഒബാമക്കറിയാം. ഏതായാലും ഒബാമയുടെ ഈ ഇരട്ട വ്യക്തിത്വം കൂടുതൽ അപഗ്രഥിക്കപ്പെടേണ്ട ഒന്നാണ്.

ബുഷിന്റെ ധാർഷ്ട്യം നിറഞ്ഞ ഇറാൻവിരുദ്ധ പ്രഖ്യാപനം വന്നപ്പോൾ ചാടി എഴുന്നേറ്റ് കൈകൾ കൂട്ടിയടിക്കുന്ന ഒബാമയുടെ ടെലിവിഷൻ ഫൂട്ടേജും നമ്മുടെ ഓർമയിലുണ്ടാകുന്നത് നന്ന്. "ഞങ്ങളുടെ സൈന്യത്തെ ഭീഷണിപ്പെടുത്തുന്നവരെ ഞങ്ങൾ എതിരിടും. സഖ്യശക്തികൾക്കൊപ്പം ഞങ്ങളുമുണ്ടാകും. അവർക്കൊപ്പം നിന്ന് പേർഷ്യൻ ഗൾഫിൽ ഞങ്ങളുടെ പ്രധാന താൽപര്യങ്ങൾ സംരക്ഷിക്കും" -ഇതായിരുന്നു ബുഷിന്റെ അന്നത്തെ പ്രഖ്യാപനം. ഒബാമയുടെ ആവേശം കണ്ടാണ് ഹിലരി ക്ലിന്റൻ പോലും പതിയെ എഴുന്നേറ്റു പോയത്. കെന്നഡിയെ പോലെ, മാർട്ടിൻ ലൂഥർ കിംഗിനെ പോലെ 'എന്തു വില കൊടുത്തും എന്തു ദുരിതം സഹിച്ചും ഞങ്ങൾ അതിജയിക്കും' എന്ന പ്രത്യാശയുടെ കപട സ്വരം തന്നെയാണ് ഒബാമയും കടംകൊണ്ടിരിക്കുന്നത്.

ആശയതലത്തിലുള്ള അഭ്യർഥനയൊന്നും ഒബാമ തന്റെ കാമ്പയിൻ വേളയിൽ നടത്തിയതായി കാണുന്നില്ല. തികച്ചും വൈയക്തിക തലത്തിലായിരുന്നു അഭ്യർഥന മുഴുവൻ. നയതന്ത്ര വൈദഗ്ധ്യവും വ്യക്തിത്വ പരിവേഷവും കൊണ്ട് ശ്രദ്ധ പിടിച്ചുപറ്റാനുള്ള പതിവു ശ്രമം.

ക്ഷേമരാഷ്ട്രം വേണമോ സാമ്രാജ്യത്വം വേണമോ എന്ന ചോദ്യം കാമ്പയിനിൽ ഉണ്ടായില്ല. പുറത്ത് ഇമ്പീരിയലിസവും അകത്ത് സ്വേഛാധിപത്യവും ഇഴചേർന്ന ജനാധിപത്യ ഘടനയിൽ പ്രസിഡന്റിനെ ഭരിക്കുക ആധിപത്യവാഞ്ഛ തന്നെയാകും. മനുഷ്യസ്നേഹത്തിന്റെ മുഖാവരണം എന്നേ കൊഴിഞ്ഞു വീണിരിക്കുന്നു. സൈനിക നടപടിയിലൂടെ, അതല്ലെങ്കിൽ യു.എന്നിനെ മറയാക്കി ജനാധിപത്യം കയറ്റുമതി ചെയ്യുകയാണ് ഇപ്പോഴും യാങ്കി. ഇതേക്കുറിച്ചെല്ലാം അർഥപൂർണമായ ഒരു രാഷ്ട്രീയ നിലപാട് ഒബാമയിൽ നിന്ന് പലരും പ്രതീക്ഷിച്ചതാണ്. പക്ഷേ, രക്ഷയില്ല.

### ഇറാഖും ഒബാമയും

ഇറാഖ് യുദ്ധത്തോട് ഒബാമക്ക് എതിർപ്പുണ്ടായിരുന്നു എന്നത് നേര്. വിദേശബന്ധം സംബന്ധിച്ച് ചിക്കാഗോ കൗൺസിലിൽ നടത്തിയ പ്രസംഗത്തിൽ ബുഷ് അനാവശ്യ 'ഇറാഖ് ഭീതി' പടർത്തുകയായിരുന്നുവെന്നും ഒബാമ കുറ്റപ്പെടുത്തി. എന്നാൽ ഇതേ പ്രസംഗത്തിൽ വൈറ്റ് ഹൗസിന്റെ അതേ സ്വരം ഒബാമ കടം കൊള്ളുന്നുണ്ട്. ഇറാഖിന്റെ സുസ്ഥിരത, അവിടത്തെ വംശീയ ഭിന്നതയും ചെറുത്തുനിൽപ് പോരാട്ടവും ശക്തമായി അമർച്ച ചെയ്യൽ, സൈന്യത്തെ സുരക്ഷിതമായി തിരിച്ചു കൊണ്ടുവരൽ -ഇതായിരുന്നു ഒബാമ മുന്നോട്ടുവെച്ച ഫോർമുല. ഇറാഖിൽ ചെറുത്തുനിൽപ് പോരാളികളെ ശക്തമായി അമർച്ച ചെയ്യണം എന്നു പറയുമ്പോൾ, കൂടുതൽ സൈന്യത്തെ ഇറക്കിയും കാർപറ്റ് ബോംബിംഗ് പ്രയോഗിച്ചും അതു നേടണമെന്നു തന്നെയല്ലേ അർഥമാക്കുന്നത്? ഇതേ കുറിച്ച് ഒബാമ പിന്നീട് മനസ്സ് തുറക്കുകയും ചെയ്തു:

"സൈനിക സാന്നിധ്യം കുറച്ചു കൊണ്ടു വരണം. ശ്രദ്ധിക്കൂ, ഞാൻ പറയുന്നത് കുറക്കണം എന്നു തന്നെയാണ്. പൂർണമായും പിൻവാങ്ങണം എന്നല്ല. ചെറുത്തുനിൽപ് പോരാളികൾക്കെതിരെ കൂടുതൽ കടുത്ത നടപടിയും വേണം. ഇറാഖ് പരിഹാരത്തിന് യു.എസ് സൈന്യത്തിന്റെ റോൾ വളരെ വലുതാണെന്നും ഞാൻ വിശ്വസിക്കുന്നു. ഇറാഖിലെ സൈന്യത്തിന് കൂടുതൽ പരിശീലനം നൽകണം. തീവ്രവാദികളുടെ കേന്ദ്രമായി ഇറാഖ് മാറാതിരിക്കാൻ ആവശ്യമായ യു.എസ് സൈന്യത്തെ അവിടെ നിർത്തുകയും വേണം."

ഇറാഖിലേത് 'സൈനിക വിജയം' തന്നെയാണെന്ന് ബുഷിനെ പോലെ ഒബാമയും പറയുന്നു. ബോസ്നിയയും കൊസോവയുമാണ് പുതിയ പ്രശ്നപരിഹാര മാതൃകകളായി ഒബാമ ഉദാഹരിക്കുന്നത്. പത്തു വർഷം പിന്നിടുമ്പോഴും അധിനിവേശശക്തികളുടെ സജീവ സാന്നിധ്യം തന്നെയാണ് രണ്ടിടത്തും. കൊസോവ ലിബറേഷൻ ആർമി(കെ.എൽ.എ) എന്ന സ്വകാര്യ ക്രിമിനൽ സംഘത്തെ അധികാരത്തിലേറ്റുകയായിരുന്നു പടിഞ്ഞാറ്. യൂറോപ്പിലേക്ക് അധോലോക ആയുധ കടത്തും മയക്കുമരുന്നും സുഗമമായി എത്തിക്കാനുള്ള ഗൂഢപദ്ധതി. ഗുണ്ടാ സംഘം അധികാരത്തിലുള്ളതിനാൽ അക്രമത്തിന് കുറവുണ്ടെന്നു മാത്രം.

### എന്തു മാറ്റം, എന്തു പ്രതീക്ഷ?

ഒബാമയെന്ന കണ്ണാടിയിൽ മിന്നി

മറയുന്നത് തരാതരം പ്രതിബിംബങ്ങളാണ്. അദ്ദേഹത്തിന്റെ ആദ്യത്തെ കൂറ് ഡെമോക്രാറ്റിക് സംവിധാനത്തോട് തന്നെ. പാർട്ടിയുടെ നിയത ചേരുവകളോട് കലഹിക്കാത്ത നല്ല കുട്ടിയാണ് ഡെമോക്രാറ്റുകൾക്ക് ഒബാമ.

സാമ്പത്തിക ഉപരോധത്തിലൂടെ അമർച്ച ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഇറാനെതിരെ സൈനിക നടപടി സ്വീകരിക്കുന്നതിൽ വിരോധമില്ലെന്നും ഒബാമ പറയുന്നു. 'മറ്റു നടപടികൾ വിജയിച്ചില്ലെങ്കിൽ, ഇറാന്റെ ആണവായുധ കേന്ദ്രങ്ങൾ നശിപ്പിക്കാൻ സൈനിക നടപടി സ്വീകരിക്കാൻ അമേരിക്ക മടിക്കരുത്' എന്നാണ് ഒബാമയുടെ പറച്ചിൽ. അറബ് ലോകത്തെ 'റാഡിക്കലു'കളുടെ കൈവശം ആണവായുധം എത്തുന്നത് തടയണം എന്നു പറയുന്ന ഒബാമ ഇസ്രയേലിന്റെ കൈവശമുള്ള ആണവായുധത്തെ കുറിച്ച് തികഞ്ഞ മൗനം പാലിക്കുകയും ചെയ്യുന്നു. ഒരു കുട്ടിയുടെ സൗമ്യഭാവം ആ മുഖത്തുണ്ടെങ്കിലും വൈറ്റ് ഹൗസിന്റെ പതിവു ചേരുവകളും സമീപനങ്ങളും തന്നെയാണ് ഒബാമയെ നിയന്ത്രിക്കുന്നത്. ഒബാമാ മാനിയ ഒരു കൾട്ടായി രൂപപ്പെടുത്തുന്നതിനു പിന്നിലും കാണാം ആഗോള കോർപ്പറേറ്റ് മാധ്യമ ലോകത്തിന്റെ അദൃശ്യ സാന്നിധ്യം. വൈറ്റ് ഹൗസിൽ 'മാറ്റം'(change), 'പ്രതീക്ഷ'(hope) കൊണ്ടുവരുമെന്ന് ഒബാമ പറയുന്നു. പക്ഷേ, എന്തു മാറ്റം? എന്തു പ്രതീക്ഷ? - ഉത്തരമില്ല.

ജോൺ എഫ് കെന്നഡിയെ പ്രസംഗത്തിൽ ഇടക്കിടെ ഉദ്ധരിക്കാറുണ്ട് ഒബാമ. തന്റെ മാതൃകാ പ്രസിഡന്റായി ഒബാമ കാണുന്നതും കെന്നഡിയെ തന്നെ. ദക്ഷിണ കൊറിയ മുതൽ ദക്ഷിണ വിയറ്റ്നാം വരെ 'സ്വാതന്ത്ര്യം' കാംക്ഷിച്ച മറ്റൊരു റൊമാന്റിക് സമഗ്രാധിപതിയായിരുന്നു കെന്നഡി. നവ കൊളോണിയൽ കൊള്ളക്ക് വിപുലമായ അടിത്തറ പണിതതിലും കെന്നഡിയുടെ റോൾ ചെറുതല്ല. ഡെമോക്രാറ്റുകളും റിപ്പബ്ലിക്കുകളും അന്യരാഷ്ട്രങ്ങളിലെ ഇടപെടലാണ് വിദേശനയത്തിന്റെ അടിത്തറയെന്ന് സ്വപ്നം കാണുന്നവരാണ്. കെന്നഡിയും ഇതിൽ വ്യത്യസ്തനായിരുന്നില്ല. തെരഞ്ഞെടുപ്പു വേളയിലെ ആദ്യ പ്രസംഗങ്ങളിൽ ആശയങ്ങളുടെ പുതിയൊരു ലോകം കെന്നഡിയും സൃഷ്ടിച്ചിരുന്നു. സുഖപ്രദ പദാവലികൾ നിർലോഭം ചൊരിയുകയും ചെയ്തു. വൻനഷ്ടം വരുത്തിവെച്ച വിയറ്റ്നാം യുദ്ധത്തിന്റെ പിന്മാറ്റം യാങ്കിക്ക് രക്ഷയായി. കൂടുതൽ സൈനിക സഹായം ഉറപ്പു വരുത്താനായിരുന്നു കെന്നഡിയുടെ നീക്കം. ഇടപെടലിന്റെ അവസരങ്ങളൊന്നും അദ്ദേഹം വേണ്ടെന്നു വെച്ചില്ല.

## പാകിസ്താനെയും വെറുതെ വിട്ടില്ല

ദേശീയ സുരക്ഷ ഉറപ്പാക്കാൻ യഥാർഥ യുദ്ധമേഖലയായി അഫ്ഗാനിസ്താനെയും പാകിസ്താനെയും മാറ്റണമെന്നു ഒബാമ പ്രസംഗിച്ചു. "ഒരു ക്ഷമയും പാടില്ല. അമേരിക്കയെ ഭീഷണിപ്പെടുത്തുന്ന തീവ്രവാദികൾക്ക് സുരക്ഷിതമായ സ്വർഗം ലോകത്ത് എവിടെയും ഉണ്ടാകരുത്. നടപടി കടുപ്പമാണെന്ന് വെച്ച് അതിന് മുതിരാതെ പറ്റില്ല". ഉസാമ ഒളിച്ചിരിക്കുന്നു എന്ന മുൻധാരണയാകാം പാകിസ്താനിൽ വരെ സൈനിക നടപടി വേണമെന്ന് പറയാൻ ഒബാമയെ പ്രേരിപ്പിച്ചത്. എങ്കിലും തങ്ങളോട് ചേർന്നു നിൽക്കുന്ന ഒരു സ്വതന്ത്ര രാഷ്ട്രത്തിനെതിരെ ആക്രമണോത്സുക പ്രസ്താവന നടത്തിയത് തികച്ചും നിരുപദ്രവകരമാണെന്നു പറയാൻ സാധിക്കുമോ?

കെന്നഡി മാത്രമല്ല, രണ്ടായിരത്തിൽ നടന്ന കാമ്പയിൻ വേളയിൽ ജോർജ് ഡബ്ല്യു ബുഷും മാന്യമായ ഒരു വിദേശ നയത്തിന്റെ ആവശ്യകതയായിരുന്നു ജനങ്ങൾക്കു മുമ്പാകെ അവതരിപ്പിച്ചത്. അമേരിക്ക ഔന്നത്യത്തിൽ നിൽക്കണമെന്നും എതിർക്കുന്നവരെ ഒതുക്കണമെന്നുമുള്ള സ്വരമാണ് സ്ഥാനാർഥികളുടെ ടെലിവിഷൻ സംവാദത്തിലും ഉയർന്നു കേട്ടത്.

ഇതാദ്യമായി ഒരു കറുത്തവൻ പ്രസിഡന്റ് സ്ഥാനാർഥിയാകുന്നു എന്നത് വ്യത്യസ്തത തന്നെ. അമേരിക്കയുടെ നാൽപ്പത്തി നാലാമത് പ്രസിഡന്റ് സ്ഥാനത്തേക്ക് 46 കാരനായ ഒബാമ നേരിടുന്നത് 71 കാരൻ ജോൺ മെക്കയിനെയാണ്. പഴയ ക്ലിന്റൻ സംഘം തന്നെയാണ് ഒബാമയുടെ മുന്നിലും പിന്നിലും ഇപ്പോഴുള്ളത്. ദാർഫറിലും മറ്റും അമേരിക്ക കൂടുതൽ ഇടപെടണമെന്നു പറയുന്ന സമാന്ത പവർ ഒന്നാം നമ്പർ ഉപദേശകയായതും യാദൃഛികമാണെന്നു കരുതാൻ വയ്യ.

അമേരിക്കക്കും ഇസ്രയേലിനും ഇറാൻ യഥാർഥ ഭീഷണിയാണെന്ന് മാർച്ച് 12-ന് വാഷിംഗ്ടൺ ഡി.സിയിൽ നടന്ന ചടങ്ങിലും ഒബാമ തുറന്നടിച്ചു. 'പ്രതിരോധ രംഗത്ത് ഇസ്രയേൽ-അമേരിക്ക പങ്കാളിത്തം ശക്തമാക്കുകയും മിസൈൽ പ്രതിരോധ പദ്ധതികൾക്ക് ആക്കം കൂട്ടുകയും വേണം. എങ്കിൽ മാത്രമേ തെഹ്റാനിൽ നിന്നും തൊട്ടപ്പുറം ഗസ്സയിൽ നിന്നുമുള്ള ഭീഷണി ചെറുക്കാൻ ഇസ്രയേലിന് കഴിയൂ' എന്നാണ് ഒബാമ പറഞ്ഞത്.

ഇസ്രയേലിനേക്കാൾ ഫലസ്തീൻ സമൂഹമാണ് ദുരിതം സഹിക്കുന്നത് എന്നു വിലപിച്ചതും ഒബാമ തന്നെ. മാർച്ച് രണ്ടിന്റെ പ്രസംഗത്തിൽ ഹിസ്ബുല്ലക്ക് ആയുധം എത്തിക്കുന്നത് തടയണമെന്നു നിർദേശിക്കുന്ന യു.എൻ പ്രമേയം(1701) നടപ്പാക്കാൻ ശക്തമായ സമ്മർദം വേണമെന്ന് ഒബാമ പറഞ്ഞു.'ഹിസ്ബുല്ലക്കും ഹമാസിനും ആയുധം ലഭ്യമാകുന്നത് മേഖലയുടെ സുരക്ഷ തകർക്കും' എന്നായിരുന്നു ഇതിനു കാരണമായി ചൂണ്ടിക്കാട്ടിയത്.

**ഇസ്രയേലിനോട് ഒരു സുഹൃത്ത് എന്ന നിലക്കാവും തന്റെ സമീപനമെന്നാണ് ഒബാമ ഉറപ്പു നൽകിയത്. അനധികൃത കുടിയേറ്റം നിർത്തിവെക്കണം എന്നതു മാത്രമാണ് മയത്തിലാണെങ്കിലും ആകെക്കൂടി ഒബാമ പറഞ്ഞത്. തന്നിലുള്ള 'രഹസ്യ മുസ്‌ലിം' വ്യക്തിത്വത്തെ മറികടക്കാനുള്ള നിസ്സഹായമായ കുടച്ചിൽ ഒബാമയെ തളർത്തുന്നുണ്ടാവണം. നൂറോളം ജൂത നേതാക്കളുമായി പ്രൈമറികളിലെ തെരഞ്ഞെടുപ്പു സമയത്ത് നടന്ന ചർച്ചയിലും ജൂതരാജ്യത്തോടുള്ള വിനീത വിധേയത്വം തന്നെയാണ് ഒബാമ കുടഞ്ഞു പുറത്തിട്ടത്.**

ഇസ്രയേൽ നടപടിയെ വിമർശിക്കുന്ന 65 പ്രമേയങ്ങൾ യു.എൻ പാസാക്കിയ വിവരം ഒബാമ അറിയാതിരിക്കുമോ? 1967ലെ സപ്തദിന യുദ്ധത്തിലൂടെ പിടിച്ചെടുത്ത പ്രദേശങ്ങളിൽ നിന്ന് പിൻവാങ്ങണമെന്നാവശ്യപ്പെടുന്ന 242ാം നമ്പർ പ്രമേയം മറന്നിരിക്കുമോ?

എന്നിട്ടും എന്തേ ഇതൊന്നും നടപ്പാക്കണമെന്ന് പറയാൻ ഈ വ്യത്യസ്തൻ താൽപര്യമെടുക്കാത്തത്? ■